# കേരളസർവകലാശാല

നം.പി.ആർ.227/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദ പ്രവേശനം 2020**

**എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം.**

**മൂന്നാം ഘട്ട കൗൺസിലിങ് നവംബർ 23 മുതൽ 25 വരെ.**

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള മൂന്നാം ഘട്ട കൗൺസിലിങ് നവംബർ 23 മുതൽ 25 വരെ നടത്തുന്നു. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് 101 മുതൽ 200 വരെയുള്ളവരാണ് ഈ ഘട്ടത്തിൽ കൗൺസിലിങ്ങിനായി ഹാജരാകേണ്ടത്. ആദ്യ 2 ഘട്ട കൗൺസിലിങ്ങുകളിൽ കോളേജിൽ ഹാജരാകാത്തവർക്ക് വീണ്ടും അവസരം നൽകുന്നതല്ല. എന്നാൽ ആദ്യ 2 ഘട്ടങ്ങളിൽ കോളേജിൽ ഹാജരായിട്ടും സീറ്റുകൾ നികന്നതിനാൽ അഡ്മിഷൻ ലഭിക്കാതെ പോയവർക്ക് മൂന്നാം ഘട്ട കൗൺസിലിങ്ങിൽ സീറ്റ് ഒഴിവ് ഉണ്ടെങ്കിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഹാജരാകുന്ന പക്ഷം അവരെ പരിഗണിച്ച ശേഷം മാത്രമായിരിക്കും റാങ്ക് 101 മുതൽ ഉള്ളവരെ പരിഗണിക്കുന്നത്. കോളേജുകളിലെ ഓരോ കോഴ്സുകളുടെയും കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഒഴിവുകൾ മനസിലാക്കിയ ശേഷം മാത്രം കൗൺസിലിങ്ങിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുക. ഓരോ കോഴ്സിനും നിശ്ചിത എണ്ണം സീറ്റുകൾ മാത്രമാണ് കമ്മ്യൂണിറ്റി ക്വാട്ടയിൽ ഉള്ളത്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടു എന്നതും കൗൺസിലിങ്ങിന് സമയം അനുവദിച്ചു എന്നതും കൊണ്ട് സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിങ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷാകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നത് എങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കൃത്യ സമയത്തു തന്നെ വിദ്യാർഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരായിരിക്കേണ്ടതാണ്. റാങ്ക് അനുസരിച്ചാണ് കൗൺസിലിങ്. റാങ്ക് വിളിക്കുന്ന സമയം വിദ്യാർഥിയോ പ്രതിനിധിയോ ഹാജരില്ല എങ്കിൽ റാങ്ക് ലിസ്റ്റിലെ അടുത്തയാളെ വിളിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് അവകാശപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്നവർ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർഥി നേരിട്ട് എത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ളവർ അഡ്മിറ്റ് മെമോ ഹാജരാക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണം. പ്രിൻസിപ്പാൾ അനുവദിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിങ്ങിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല. Temporary (താത്കാലിക) അഡ്മിഷൻ കമ്മ്യൂണിറ്റി ക്വാട്ടയിൽ ബാധകമല്ല എന്ന കാര്യം ശ്രദ്ധിക്കുക. വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ് സൈറ്റ് കാണുക.

## ബി..എഡ്. ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ രണ്ട് കോഴ്സുകൾ കൂടി ഉൾപ്പെടുത്തിയിയിരിക്കുന്നു

ബി.എഡ് ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ കേരള സർവകലാശാലയുടെ ബി.എ. കമ്മ്യൂണിക്കേറ്റീവ് അറബിക്കും, ബി.എ. Afsal-ul-ulama എന്നീ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബിരുദമുള്ള വിദ്യാർത്ഥികൾക്കും ബി.എഡ്. കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. അവസാന തീയതി നവംബർ 22.

## ടൈംടേബിൾ

**ഡിസംബർ 7 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ പഞ്ചവത്സര ഇന്റ്ഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് പ്രമാണിച്ച് ഡിസംബർ 21 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.**

**ഒക്ടോബർ 28 ന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി.(പഴയ സ്കീം) ഫൈനൽ (മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷ നവംബർ 24 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.**

**ഒക്ടോബർ 20 ന് ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ ബി.എ.എസ്.എൽ.പി. (സി.ബി.സി.എസ്.എസ്. സ്ട്രീം) സപ്ലിമെന്ററി ഡിഗ്രി പരീക്ഷ നവംബർ 25 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.**

**2020 ഒക്ടോബർ 28 ന് ആരംഭിക്കാനിരുന്ന അവസാനവർഷ ബി.ഡി.എസ്. പാർട്ട് രണ്ട് (സപ്ലിമെന്ററി 2008 സ്കീം) പരീക്ഷ നവംബർ 20 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.**

## സൂക്ഷ്മപരിശോധന

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ.സി.ബി.സി.എസ്. പരീക്ഷയുടെയും 2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ. സി.ബി.സി.എസ്. പരീക്ഷയുടെയും സൂക്ഷ്മപരിശോനയ്ക്ക് ഹാജരാകാത്ത വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി നവംബർ 25 ന് മുൻപ് ബി.എ.റീവാല്യുവേഷൻ (ഇ.ജെ.V) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## ഡിപ്ലോമ ഇൻ ട്രാൻസ് ലേഷൻ സ്റ്റഡീസ് കോഴ്സിന് അപേക്ഷിക്കാം

കേരളസർവകലാശാലയിലെ സെന്റർ ഫോർ ട്രാൻസ്ലേഷൻ ആന്റ് ട്രാൻസ്ലേഷൻ സ്റ്റഡീസ് നടത്തുന്ന ഒരുവർഷ 'ഡിപ്ലോമ ഇൻ ട്രാൻസ് ലേഷൻ സ്റ്റഡീസ്' കോഴ്സിന് അപേക്ഷിക്കാം. ഐച്ഛികവിഷയത്തിൽ 50% മാർക്കൊടുകൂടിയുളള ബിരുദമാണ് അടിസ്ഥാനയോഗ്യത. എന്നാൽ ഹിന്ദിഭാഷയും സാഹിത്യവും ഐച്ഛികവിഷയമല്ലാത്ത ബിരുദധാരികൾ ബിരുദതലത്തിൽ ഹിന്ദി രണ്ടാംഭാഷയായി പഠിച്ചിട്ടുളളവരോ, അതല്ലെങ്കിൽ പത്ത്, പ്ലസ്ടു തലത്തിലോ മുകളിലോ ഹിന്ദി മാധ്യമത്തിൽ പഠിച്ചിട്ടുളളവരോ, അതല്ലെങ്കിൽ ഹിന്ദി പ്രചാരസഭപോലുളള അംഗീകൃത സ്ഥാപന ങ്ങളിൽ നിന്നും സർട്ടിഫിക്കറ്റ്/ഡിപ്ലോമ കരസ്ഥമാക്കിയിട്ടുളളവരോ ആയിരിക്കണം. അപേക്ഷാ ഫീസായ 200 രൂപയും യൂണിവേഴ്സിറ്റി ചെല്ലാനായോ എസ്.ബി.ഐ.യുടെ ഡി.ഡി. ആയോ ഫിനാൻസ് ഓഫീസർ, യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ പേരിൽ അടച്ച് അപേക്ഷയോടൊപ്പം വച്ച് **The Hon.Director, Centre for Translation and Translation Studies, Jubilee Building, University of Kerala, Kariavattom P.O., Thiruvananthapuram – 695581** എന്ന വിലാസത്തിൽ ഡിസംബർ 11 നകം കിട്ടത്തക്കവിധം ഒറിജിനൽ ചെല്ലാൻ/ഡി.ഡി.സഹിതം അയയ്ക്കണം. ബാങ്ക് ഡി.ഡി.എടുക്കുന്നവർക്ക് 10 രൂപ അധികം (210 രൂപ) അടയ്ക്കേണ്ടതാണ്. അപേക്ഷാഫോം സെന്റർ ഫോർ ട്രാൻസ് ലേഷൻ സ്റ്റഡീസ് ഓഫീസിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. കൂടു തൽ വിവരങ്ങൾക്ക് **Hon.Director, Centre for Translation and Translation Studies** (9207639544, 9349439544) എന്ന നമ്പറിൽ ബന്ധപ്പെടുക.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ. മലയാളം, കേരളപഠനം, മീഡിയപഠനം, ഇസ്ലാമിക് ഹിസ്റ്ററി, ലിംഗ്വിസ്റ്റിക്സ്, ഫിലോസഫി, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, അറ ബിക്, മ്യൂസിക്, സംസ്കൃതം, ജർമൻ, റഷ്യൻ, എം.എസ്.സി.ഡെമോഗ്രഫി, ആക്ച്ചൂറിയൽ സയൻസ്, അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടേഷണൽ ബയോളജി, ഡാറ്റ സയൻസ്, കമ്പ്യൂട്ടർ സയൻസ്, എം.ടെക്.കമ്പ്യൂട്ടർ സയൻസ്, എം.എഡ്. എന്നീ പ്രോഗ്രാമുകൾക്ക് 2020 – 22 ബാച്ച് അഡ്മിഷന് എസ്.സി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 20 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പുകളിൽ എം.എ.മലയാളം, കേരളപഠനം, മീഡിയപഠനം, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ്, അറബിക്, ഹിന്ദി, സംസ്കൃ തം, ജർമൻ, ലിംഗ്വിസ്റ്റിക്സ്, ഫിലോസഫി, എം.സി.ജെ., എം.എസ്.സി ഡെമോഗ്രഫി, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ എ.ഐ., കമ്പ്യൂട്ടേ ഷണൽ ബയോളജി, ഡാറ്റ സയൻസ്, ജനറ്റിക് ആന്റ് പ്ലാന്റ് ബ്രീഡിംഗ്, എം.ടെക് കമ്പ്യൂട്ടർ സയൻസ്, എൽ.എൽ.എം., എം.എഡ്. എന്നീ പ്രോഗ്രാമുകൾക്ക് 2020 –22 ബാച്ച് അഡ്മിഷന്

എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 20 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 28 ന് മുൻപ് സർവകലാശാല ഓഫീസിൽ ഓഫ്ലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂണിൽ നടത്തിയ എം.എൽ.ഐ.എസ്.സി., എം.എ.ജർമൻ ലാംഗ്വേജ് 2017 – 2019 ബാച്ച് (സി.എസ്.എസ്.) പുതുക്കിയ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2020 ജൂലൈയിൽ നടത്തിയ എം.എ.ജർമ്മൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ 2018 – 2020 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
18.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098